# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 651 — 12.06.2013-ൽ മറുപടിക്ക്

### ആരോഗ്യ രംഗത്തെ ദേശീയ അംഗീകാരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. വാഹീദ് :<br>,, എ. പി. അബ്ദുള്ളക്കുട്ടി :<br>,, വി. റ്റി. ബൽറാം :<br>,, ആർ. സെൽവരാജ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് എന്തെല്ലാം ദേശീയ അംഗീകാരങ്ങളാണ് ലഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ 3 ഗവൺമെന്റ് ആശുപത്രികൾക്കും ഒരു ഗവൺമെന്റ് ബ്ലഡ് ബാങ്കിനും നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് (എൻ.എ.ബി.എച്ച്) - ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>ഇതു കൂടാതെ ഈ വർഷം 5 ഗവൺമെന്റ് മെഡിക്കൽ ലബോറട്ടറികൾക്ക് ക്വാളിറ്റി കൗൺസിലിന്റെ എസ്സൻഷ്യൽ സ്റ്റാന്റേർഡ്സ് ഫോർ മെഡിക്കൽ ലബോറട്ടറീസ് - ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം ആശുപത്രികൾക്കാണ് ഇവ ലഭിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (ബി) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് (എൻ.എ.ബി.എച്ച്) - ന്റെ അംഗീകാരം ലഭിച്ച ആശുപത്രികൾ താഴെ പറയുന്നവയാണ്.<br>1. ജനറൽ ആശുപത്രി, എറണാകുളം<br>2. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചേർത്തല<br>3. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരം.<br>ഇതുകൂടാതെ ബ്ലഡ് ബാങ്ക്, ആലുവയ്ക്കും നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് (എൻ.എ.ബി.എച്ച്) - ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |

(...2)

ഈ വർഷം ക്വാളിറ്റി കൗൺസിലിന്റെ എസ്സൻഷ്യൽ സ്റ്റാൻന്റേർഡ്സ് ഫോർ മെഡിക്കൽ ലബോറട്ടറീസ്-ന്റെ അംഗീകാരം ലഭിച്ചിട്ടുള്ള ഗവൺമെന്റ് മെഡിക്കൽ ലബോറട്ടറികൾ താഴെ പറയുന്നവയാണ്.

1. മെഡിക്കൽ ലബോറട്ടറി, താലൂക്ക് ആശുപത്രി, ചാവക്കാട്.
2. ക്ലിനിക്കൽ ലബോറട്ടറി, ജനറൽ ആശുപത്രി, എറണാകുളം
3. മെഡിക്കൽ ലബോറട്ടറി, റീജിയണൽ ഡയഗ്നോസ്റ്റിക് സെന്റർ, എറണാകുളം
4. മെഡിക്കൽ ലബോറട്ടറി ഐക്കോൺസ്, ഷൊർണ്ണൂർ
5. മെഡിക്കൽ ലബോറട്ടറി, ജില്ലാ ആശുപത്രി, പാലക്കാട്

(സി) ഇതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം ;

(സി) അക്രഡിറ്റേഷൻ നൽകുന്നതിന്റെ ഭാഗമായി ഈ ആശുപത്രികളിലെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി. ആശുപത്രികളിലെ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി. രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും വേണ്ട സുരക്ഷാനടപടികൾ സ്വീകരിച്ചു. ഇതു കൂടാതെ രോഗികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചു. ടോക്കൺ സിസ്റ്റം നടപ്പിലാക്കി. രോഗികൾക്കായി കേസ് റിക്കാർഡുകൾ ഏകീകരിച്ചു. ലബോറട്ടറി പരിശോധനകളുടെ കൃത്യത ഉറപ്പുവരുത്തി. എല്ലാ രോഗനിർണ്ണയ ഉപകരണങ്ങളും കാലിബ്രേഷൻ നടത്തി.

ഇതുകൂടാതെ ആശുപത്രികളിൽ അറ്റകുറ്റ പണികൾ നടത്തി. ആശുപത്രി കെട്ടിടങ്ങൾ നവീകരിച്ചു. കേടായ ഉപകരണങ്ങൾ നന്നാക്കി. ബയോമെഡിക്കൽ മാലിന്യങ്ങൾ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന പ്രകാരം നിർമാർജ്ജനം ചെയ്തു. വീൽചെയറുകളും, ട്രോളി തുടങ്ങിയവ രോഗികളുടെ ആവശ്യത്തിനായി സജ്ജമാക്കി. അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചു. രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിച്ചു. ഗുണനിലവാര പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേൽനോട്ടം നടത്തിവരുന്നു.

(....3)

(ഡി) അംഗീകാരങ്ങൾ നിലനിർത്തുന്നതിനും പുതിയ ആശുപത്രികൾക്ക് ഇവ ലഭിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

(ഡി) അംഗീകാരം നിലനിർത്തുന്നതിനായി ഈ ആശുപത്രികളിൽ ജീവനക്കാർക്ക് പരിശീലനം, ഉപകരണങ്ങളുടെ കാലിബ്രേഷൻ എന്നിവ നടത്തുന്നു. ആശുപത്രികളുടെ ഗുണനിലവാരം തുടർച്ചയായി അവലോകനം നടത്തുന്നു. രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രികളിൽ മേൽനടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ ആശുപത്രികൾക്ക് ദേശീയ അംഗീകാരം നേടുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ